# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4982 | 14/11/2019 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

**ചോദ്യം**
**ശ്രീ.കെ.എം.ഷാജി**
**,, പി.കെ.അബ്ദു റബ്ബ്**
**,, പാറക്കൽ അബ്ദുല്ല**
**,, മഞ്ഞളാംകുഴി അലി**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റീസർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 30 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. റീസർവ്വെ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം), ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വിസേഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വെ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വെ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായിവരുന്ന ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. കൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രിയൽ, വക്കഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും, ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വെ പ്രവർത്തനങ്ങൾക്കും റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് ജീവനക്കാരെ നിയോഗിച്ചുവരുന്നു. ഈ സാഹചര്യത്തിൽ റീസർവ്വെ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് കൃത്യമായി കണക്കാക്കുവാൻ കഴിയുകയില്ല. |

| | | | |
|---|---|---|---|
| (ബി) | റീസർവ്വേ സംബന്ധിച്ച പരാതികൾക്ക് ശാശ്വതപരിഹാരം കാണുന്നതിന് റവന്യൂ-സർവ്വേ വകുപ്പുകളുടെ പ്രവർത്തനത്തിൽ ഏകോപനം വേണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ കീഴിൽ താലൂക്ക് തലത്തിൽ സൂപ്രണ്ട് ഓഫീസുകൾ ക്രമീകരിച്ച് സർവ്വെ റവന്യൂ വകുപ്പുകളുടെ ഏകോപനത്തോടെ ജോലി ചെയ്യുന്ന തരത്തിൽ വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ